മി. സ്പീക്കർ : 1999-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അങ്ങേക്ക് 1999-ലെ ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാം.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ധനകാര്യ ബിൽ†

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ഇതു സംബന്ധിച്ച് നാല് അംഗങ്ങൾ വിയോജനക്കുറിപ്പ് നല്കിയിട്ടുണ്ട്.

X. ക്രമപ്രശ്നം

ധനകാര്യ ബില്ലിൽ ഉൾപ്പെടുത്താത്തകാര്യം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വന്നതു സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ എഴുതിത്തന്നിരുന്നു. അത് ഈ സമയത്ത് എടുക്കേണ്ടതാണ്.

മി. സ്പീക്കർ : അങ്ങ് ഉന്നയിക്കുന്നുണ്ടോ; ഉന്നയിച്ചാൽ അതുസംബന്ധിച്ച് പറയേണ്ടിവരും.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാൻ എഴുതിത്തന്നു.

മി. സ്പീക്കർ : അതു ഈ സന്ദർഭത്തിലല്ല ഉന്നയിക്കേണ്ടത്. അങ്ങ് എഴുതിത്തന്നു. ഞാൻ അതു പരിശോധിച്ചു. ഈ സ്റ്റേജിലല്ല ഉന്നയിക്കേണ്ടത്. ബില്ലിന്റെ അവതരണ വേളയിലാണ് ഉന്നയിക്കേണ്ടത്. ഇന്നല്ല. ധനകാര്യബില്ല് അവതരിപ്പിച്ചല്ലോ; ആ സമയത്താണ് ഉന്നയിക്കേണ്ടത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ധനകാര്യ ബില്ലിൽ ഇല്ലാത്ത കാര്യം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വന്നിരിക്കുകയാണ്. അതിനെയാണ് ഞാൻ ഒബ്ജക്ട് ചെയ്തത്. ധനകാര്യബില്ലിനു എതിരായിട്ട് കൊണ്ടുവന്നിരിക്കുകയാണ്. അതാണ് എന്റെ ഒബ്ജക്ഷൻ. ധനകാര്യബില്ലിനു കടകവിരുദ്ധമായി ബില്ലിൽ ഇല്ലാത്ത കാര്യം, ധനകാര്യബില്ല് 1999-2000 ആണ്ടിലേയ്ക്കാണ്.

(അനുബന്ധം II)

LIBRARY ARCHIVES Kerala Legislative Assembly

അതിനുവേണ്ടിയാണ് കാർഷികാദായ നികുതി കൊണ്ടുവന്നിരിക്കുന്നത്. clause 1(2) പറഞ്ഞിരിക്കുന്നത് ഏപ്രിൽ മാസം 2000 മുതലാണ്. അതു ബില്ലിൽ ഉള്ളതല്ല. അതാണ് എന്റെ ഒബ്ജക്ഷൻ. അതു പറയുവാൻ അനുവദിക്കുകയാണെങ്കിൽ ഞാൻ പറയാം.

മി. സ്പീക്കർ : ആ ഒബ്ജക്ഷൻ ഈ സ്റ്റേജിലുള്ളതല്ല എന്നുള്ളതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : എന്റെ ഒബ്ജക്ഷൻ ഈ ബില്ലിൽ പറയുന്നത്, ഒറിജിനൽ ബില്ലിലെ പ്രൊവിഷനു വിരുദ്ധമായിട്ടാണ്. ഇതിനു enacting formula - ഉണ്ട്. ആ enacting formula - അനുസരിച്ച്, A bill to give effect to the financial proposal of the Government of Kerala for the financial year 1999-2000.

അതാണ് ബില്ലിന്റെ Enacting Formula. അങ്ങ് ശ്രദ്ധിക്കുന്നുണ്ടോ?

മി. സ്പീക്കർ : ഞാൻ ശ്രദ്ധിക്കുന്നുണ്ട്. അങ്ങ് പറയുന്നത് ഫസ്റ്റ് സ്റ്റേജിൽ കൊണ്ടുവരേണ്ടതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ആ സ്റ്റേജിൽ ഇല്ല. ഒറിജിനൽ ബില്ലിൽ അതില്ല. അതാണ് എന്റെ പോയിന്റ്. ഒറിജിനൽ ബില്ലിൽ അതില്ല എന്നുള്ളതിന്റെ തെളിവ് ഞാൻ ഉദ്ധരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗം, ഈ ബില്ല് പാസ്സായാൽ ഈ ബില്ലിനകത്ത് 1999-2000 ആണ്ടിലേയ്ക്ക് കൃഷിക്കാർക്ക്, 500 ഹെക്ടർ വരെയുള്ള ആളുകൾക്ക് ഈ പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുകയില്ല. അതിനുള്ള കാരണം ക്ലാസ്-1-ൽ പറയുന്ന വ്യവസ്ഥ: Clause 1(2) Sub-section (1) to (3) of section 5 of this Act shall come into force on the 1st day of April, 2000..... അതനുസരിച്ച് 2000-ാമാണ്ട് ഏപ്രിൽ മാസത്തിലാണ് നിലവിൽ വരുന്നത്. ബില്ലിലെ പ്രൊവിഷൻ നേരെമറിച്ചാണ്. 1999-2000 ആണ്ടിൽ കൃഷിക്കാർക്ക് ആനുകൂല്യം കിട്ടാൻ വേണ്ടിയാണ് ബില്ലിലെ പ്രൊവിഷൻ. അതിനു കടകവിരുദ്ധമായിട്ടാണ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് കൊണ്ടുവന്നത്. അതിന്റെ തെളിവ്, ബഹുമാനപ്പെട്ട മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലെ പേജ് 41-ൽ പറയുന്നത്, 'ഇതിൽ ആദ്യത്തെ മൂന്ന് ഹെക്ടർ, നികുതിവിമുക്തമായിരിക്കും. തേയിലയ്ക്കും കാപ്പിക്കും നിലവിലുള്ള നികുതി നിരക്ക് തുടരും'. പട്ടിക അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. 2 കോടി രൂപയുടെ നഷ്ടം പ്രതീക്ഷിക്കുന്നു. അതു ഈ വർഷമാണ്. 1999-2000-ാമാണ്ടിലാണ് 2 കോടി രൂപയുടെ നഷ്ടം ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. എന്നാൽ സബ്ജക്ട് കമ്മിറ്റി വരുത്തിയ ഭേദഗതി ഒറിജിനൽ ബില്ലിൽ ഇല്ല. സബ്ജക്ട് കമ്മിറ്റിയുടെ ഭേദഗതിയിൽ ഈ പറയുന്ന സാമ്പത്തിക വർഷം ഒരു പൈസയുടെ നഷ്ടം ഉണ്ടാകുന്നില്ല. ഇതു നടപ്പാക്കുന്നില്ല. ഇതു നടപ്പാക്കുവാൻവേണ്ടി പോകുന്നത് ഏപ്രിൽ മാസം 2000-ാമാണ്ട് മുതലാണ്. അടുത്ത വർഷം മുതലാണ്. അതാണ് ഞാൻ പറഞ്ഞത്, enacting formula - എന്നുപറയുന്നത്. അങ്ങേയ്ക്ക് എന്നെക്കാളും വളരെ പെട്ടെന്ന് മനസ്സിലാകും. A bill to give effect to the financial proposal of the Government of Kerala for the financial year 1999-2000. 1999-2000 വർഷത്തേയ്ക്കുള്ള ബില്ലിൽ 2000 ഏപ്രിൽ 2001 വരെയുള്ള പ്രൊവിഷനാണ് കൊണ്ടുവന്നിരിക്കുന്നത്. ഇതിനുള്ള അധികാരം സബ്ജക്ട് കമ്മിറ്റിക്കില്ല. Enacting formula - ക്ക് എതിരാണ്. എന്നുമാത്രമല്ല ബില്ലിലും ഈ വ്യവസ്ഥ ഉണ്ടായിരുന്നില്ല. 20 ഹെക്ടർ എന്നുള്ളത് 500 ഹെക്ടറാക്കി ഉയർത്തി. ആ 500 ഹെക്ടർ കോമ്പൗണ്ട് ചെയ്യാൻ വ്യവസ്ഥയുണ്ടാക്കി. ഈ വർഷം 2 കോടി രൂപയുടെ നഷ്ടം സർക്കാരിനു ഉണ്ടാകുമെന്ന് പറയുകയും ചെയ്തു. ബില്ലിലും അതിലുള്ള പ്രൊവിഷനാണ് വച്ചത്. സബ്ജക്ട് കമ്മിറ്റിയിൽ

LIBRARY ARCHIVES Kerala Legislative Assembly

പോയപ്പോൾ ഈ വർഷം അതു നടപ്പാക്കണ്ട അടുത്ത വർഷം 2000 ഏപ്രിൽ 1-ാം തീയതി മുതൽ നടപ്പാക്കിയാൽ മതിയെന്ന് കൊണ്ടുവന്നു. ഇതു enacting formula - ക്ക് കടകവിരുദ്ധമായിട്ടുള്ള ഒരു കാര്യമാണ്. മാത്രമല്ല, ഈ ബില്ലിൽ തന്നെ 1, 2, 3 സബ്ക്ളാസുകളിലാണ് പറയുന്നത്. രണ്ടാമത്തെ കാര്യം ഇതു വന്നു കഴിഞ്ഞാൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് enacting formula-യിൽ ഈ പറയുന്ന പ്രൊവിഷൻ കൊണ്ടുവന്നാൽ നാളെ കോടതിയിൽ പോയാൽ ഇതിന്റെ ഒബ്ജക്റ്റും റീസൺസും ആണ് കാര്യമായി നോക്കുക. ഒബ്ജക്റ്റും റീസൺസും നോക്കുമ്പോൾ ക്ലിയറാണ്. ഈ വർഷത്തേയ്ക്കുവേണ്ടിയില്ല. അടുത്ത സാമ്പത്തികവർഷം നടപ്പാക്കുവാൻവേണ്ടിയാണ് കൊണ്ടുവന്നിട്ടുള്ളത്. കോടതിയിൽ പോയാൽ പൊളിഞ്ഞുപോകും. ഇങ്ങനെ ഒരു നിയമ നിർമ്മാണം നടത്തുന്നത് ഓർഡറിലല്ല. അങ്ങനെയൊരു നിയമനിർമ്മാണം പറ്റുകയില്ല. ബഡ്ജറ്റിൽതന്നെ ബഹുമാനപ്പെട്ട മന്ത്രി വ്യക്തമായി പറയുന്നുണ്ട്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കട്ടെ, ഈ വർഷം ഇതു നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? ഈ ക്ലാസ് കൊണ്ട് സാധ്യമല്ല. 2000 ഏപ്രിൽ 1-ാം തീയതി മുതൽ മാത്രമേ നടപ്പാക്കുവാൻ സാധിക്കൂ. അതു കൊണ്ട് ബഡ്ജറ്റിൽ 2 കോടിരൂപ നഷ്ടംവരുമെന്ന് പറഞ്ഞത് എന്ത് അടിസ്ഥാനത്തിലാണ്? നിങ്ങൾ അങ്ങനെയാണ് ഈ ബില്ല് ഉണ്ടാക്കിയത്. പക്ഷെ സബ്ജക്ട് കമ്മിറ്റിയിൽ പോയപ്പോൾ നിങ്ങൾ അടുത്ത വർഷത്തേക്ക് മാറ്റി. Enacting formula - ക്ക് വിരുദ്ധമായ നിലപാടാണ്. ഒരു ബില്ലിൽ Enacting formula - ക്ക് എതിരായിട്ട് വേറെ ക്ലാസ്, അതിനു കോൺട്രഡിക്ടറിയായി ക്ലാസ് കൊണ്ടുവരുന്നത് ഒരിക്കലും ഓർഡറിലല്ല. അതുകൊണ്ട് ഈ ബിൽ ഓർഡറിലല്ല.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഇവിടെ ഉന്നയിച്ച ക്രമപ്രശ്നത്തിന് ആദ്യം ഞാൻ ക്വസ്റ്റ്യൻ ഓഫ് ലാ പറയാം, പിന്നീട് ക്വസ്റ്റ്യൻ ഓഫ് ഫാക്ട് പറയാം. ഈ രണ്ടു നിലയ്ക്കും നിലനിൽക്കത്തക്കതല്ല ഇത്. നമ്മുടെ റൂൾസ് ഓഫ് പ്രൊസിഡ്യൂവർ എടുത്താൽ..... Objection to Subject Committee Report. അപ്പോൾ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത രീതിയിൽ ഒരു ബിൽ വന്നാൽ അതിന് ഒബ്ജക്ഷൻ കൊണ്ടുവരാം. ... (a) that the Bill as reported by the Select Committee or the Subject Committee, as the case may be, be taken into consideration:

Provided that any member may object to its being so taken into consideration if a copy of the report has not been made available..... എന്നാണ് പറയുന്നത്.

സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ കോപ്പി കിട്ടിയില്ലെങ്കിൽ മാത്രമേ സെക്ഷൻ 79 ഇൻവോക് ചെയ്യാൻ പറ്റൂ. ഇവിടത്തെ കാര്യങ്ങളെല്ലാം സെക്ഷൻ 79 പ്രകാരമാണ് നടക്കുന്നത്. ആദ്യം ക്വസ്റ്റ്യൻ ഓഫ് ലാ പറയാം. ക്വസ്റ്റ്യൻ ഓഫ് ഫാക്ട് എന്താണെന്ന് പിന്നീടു പറയാം. അതു വളരെ സിമ്പിളാണ്. സബ്ജക്ട് കമ്മിറ്റിയിൽ വരുത്തിയിട്ടുള്ള ഭേഗതിയല്ല ബില്ലിൽ വരുത്തീയിട്ടുള്ളതെന്നു പറഞ്ഞു. സർ, സബ്ജക്ട് കമ്മിറ്റിയിലെ ഒരു പ്രമുഖ അംഗമാണ് ശ്രീ. ആര്യാടൻ മുഹമ്മദ്. സബ്ജക്റ്റ് കമ്മിറ്റിയിൽ ഭേദഗതി വരുത്തിയപ്പോൾ, ആ ഭേദഗതിയെ അവിടെ വച്ച് ഒപ്പോസ് ചെയ്തില്ല എന്നു മാത്രമല്ല, ഡിസന്റിലും എഴുതിയിട്ടില്ല. ഡിസന്റ് എഴുതിയാൽ ഈ വാക്ക് എഴുതണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : എഴുതണ്ട.

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിനോടല്ല പറയുന്നത്. ഇങ്ങനെ ഇടപെടുന്നത് എന്തിനാണ്? ഈ ഭേദഗതി സബ്ജക്റ്റ് കമ്മിറ്റി ഐകകണ്ഠ്യേന അംഗീകരിച്ചതാണ്. അതാണ് കസ്റ്റ്യൻ ഓഫ് ലാ. ഇനി കസ്റ്റ്യൻ ഓഫ് ഫാക്ട് പറയാം. ധനകാര്യബില്ലിൽ 5-ാം വകുപ്പിന്റെ ഒന്നുമുതൽ മൂന്നു വരെയുള്ള ഉപവകുപ്പുകൾ 7-4-2000-ത്തിൽ നിലവിൽ വരുന്നതാണെന്നുള്ള ഭേദഗതി സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്തതാണ്. കാർഷികാദായ നികുതി നിയമത്തിൻകീഴിൽ ഒരു ധനകാര്യ വർഷത്തിൽ വ്യക്തികളോ സ്ഥാപനങ്ങളോ സമ്പാദിക്കുന്ന വരുമാനം അടുത്ത ധനകാര്യ വർഷത്തിലാണ് അസസ്സ് ചെയ്യുന്നത്. വരുമാനം സംബന്ധിക്കുന്ന വർഷം പ്രീവിയസ് ഇയറെന്നും അസസ് ചെയ്യുന്ന വർഷം അസസ്മെന്റ് ഇയറെന്നുമാണ് അറിയപ്പെടുന്നത്. കാർഷികാദായ നികുതി നിരക്കിൽ വരുത്തിയ മാറ്റം 1999-2000 പ്രീവിയസ് ഇയറിൽ ആണ് ബാധകമാക്കേണ്ടത്. അതിന്റെ ബന്ധപ്പെട്ട അസസ്സ്മെന്റ് ഇയർ 2000-2001 ആണ്. അതിനാലാണ് ബന്ധപ്പെട്ട വകുപ്പുകൾ 1-4-2000-ത്തിൽ നിലവിൽ വരുമെന്നു പറഞ്ഞിട്ടുള്ളത്. നികുതി അടവ് പ്രീവിയസ് ഇയർ, അക്കൗണ്ടിംഗ് ഇയർ, ഫെബ്രുവരിയിൽ ആണ് നടക്കുന്നത്. അതായത് 1-4-2000-ത്തിൽ നിലവിൽ വരുന്ന വ്യവസ്ഥകളനുസരിച്ചുള്ള നികുതി രണ്ടായിരാമാണ്ട് ഫെബ്രുവരിയിലാണ് എടുക്കേണ്ടത് എന്നുള്ളതുകൊണ്ട് ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള സാമ്പത്തിക നിലയിൽ വ്യത്യാസം വരുന്നതല്ല. ഇത് 1999-2000 ആണ്ടിലെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ളതാണ്. ഇതു സബ്ജക്ട് കമ്മിറ്റി വിശദമായി ചർച്ച ചെയ്തതാണ്. ഐകകണ്ഠ്യേന അംഗീകരിച്ചതാണ്. അതുകൊണ്ട്, ക്രമപ്രശ്നം ലഗ്നാലും ചന്ദ്രാലും നിലനിൽക്കുന്നതല്ല.

ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സബ്ജക്ട് കമ്മിറ്റിക്ക് കോംപീറ്റന്റ് ആണ് പവേഴ്സ്, നിയമസഭയുടെ സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തതനുസരിച്ചുള്ള ബിൽ നിയമസഭയുടെ ലെജിസ്ലേറ്റീവ് കോംപീറ്റൻസിയുടെ അകത്തു വരുന്നതാണ്. കോൺസ്റ്റിറ്റ്യൂഷന്റെ വയലേഷനുണ്ട്, റൂൾസ് ഓഫ് പ്രൊസീഡ്യുവറിന്റെ വയലേഷനുണ്ട്. അതല്ലേ പറയാൻ പറ്റൂ. ഇതിൽ കോൺസ്റ്റിറ്റ്യൂഷണൽ വയലേഷൻ ഉണ്ടെന്നു ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞിട്ടില്ല. ഏതെങ്കിലും പ്രൊവിഷന് കോൺസ്റ്റിറ്റ്യൂഷന്റെ വയലേഷൻ ഇല്ല. സബ്ജക്ട് കമ്മിറ്റിയുടെ കോംപീറ്റൻസിനെ കസ്റ്റ്യൻ ചെയ്യുമ്പോൾ ഏതു റൂൾസ് ഓഫ് പ്രൊസീഡ്യൂവർ അനുസരിച്ചാണ് കസ്റ്റ്യൻ ചെയ്യുന്നത്? സബ്ജക്ട് കമ്മിറ്റി ഇവിടെ പാസ്സാക്കിക്കൊണ്ടുവന്നിരിക്കുന്നു. റൂൾസിന്റെയും വയലേഷനില്ല. വാസ്തവത്തിൽ ഇപ്പോഴിവിടെ കസ്റ്റ്യൻ വരുന്നില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഒറിജിനൽ ബില്ലിൽ പറയുന്നത് ചുരുക്കപ്പേരും പ്രാരംഭവും കഴിഞ്ഞിട്ട് 1(2) ഇത് 1999 ഏപ്രിൽ മാസം ഒന്നാം തീയതി പ്രാബല്യത്തിൽ വരുന്നതാണ് എന്നാണ്. അതിനാണോ അമെൻഡ്മെന്റ് കൊണ്ടുവന്നത്? 1999 എന്നതിനു പകരം 2000 എന്നു പറഞ്ഞു. അപ്പോൾ ഏപ്രിൽ 2000 മുതലാണ് നിലവിൽ വരുന്നത്. ഒറിജിനൽ ബില്ലിനെതിരായിട്ടാണ് സബ്ജക്ട് കമ്മിറ്റി ചെയ്തത്. അതാണ് ഞാൻ പറഞ്ഞത്. എനാക്ട്മെന്റ് ഫോർമുലയ്ക്കും എതിരാണ്.